1.	ലാപ്ടോപ്പ്	-	5 എണ്ണം
2.	ഡിജിറ്റൽ ക്യാമറ	-	10 എണ്ണം
3.	പെൻക്യാമറ	-	20 എണ്ണം
4.	റിസ്റ്റ് വാച്ച് ക്യാമറ	-	10 എണ്ണം
5.	ബാഗ് ക്യാമറ	-	10 എണ്ണം
6.	ബട്ടൺ ക്യാമറ	-	6 എണ്ണം
7.	മാരുതി സ്വിഫ്റ്റ് ഡീസൽ കാർ	-	4 എണ്ണം

(ഡി) സർക്കാർ ഉദ്യോഗസ്ഥർക്ക് പ്രതിഫലം ലഭിക്കുന്ന മറ്റു പ്രവൃത്തികളിൽ ഏർപ്പെടുന്നതിൽ വിലക്കുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോക്ക് പ്രത്യേക നിയന്ത്രണങ്ങൾ നിലവിലില്ല. ഇതു സംബന്ധിച്ച് സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റചട്ടം (1960) റൂൾ 83, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ ഉദ്യോഗസ്ഥർക്കും ബാധകമാണ്. ഇപ്രകാരം ചട്ടങ്ങൾക്ക് വിരുദ്ധമായി വിജിലൻസ് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഹോം സ്റ്റേ പദ്ധതി

105 (1861) ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസ്റ്റുകൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി ടൂറിസം വകുപ്പ് നടപ്പാക്കിയിട്ടുള്ള ഹോം സ്റ്റേ പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) ഇതിനകം എത്ര ഹോം സ്റ്റേകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ;

(സി) ഹോം സ്റ്റേ അംഗീകാരം നൽകാനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(ഡി) ഹോംസ്റ്റേകളുടെ പ്രവർത്തനത്തിൽ ടൂറിസം വകുപ്പിന് നിയന്ത്രണാധികാരം ഉണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഇ) എല്ലാ ടൂറിസം കേന്ദ്രങ്ങളോടുമനുബന്ധിച്ച് കൂടുതൽ ഹോം സ്റ്റേകൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ടൂറിസം വകുപ്പ് ഹോം സ്റ്റേ ക്ലാസിഫിക്കേഷനുള്ള അപേക്ഷ സ്വീകരിക്കുന്നത് ഡി.റ്റി.പി.സി.-കൾ വഴിയാണ്. ഇതിലേക്കുള്ള അപേക്ഷ ഫോറം അതാത് ഡി.റ്റി.പി.സി. ആഫീസുകളിൽ നിന്നും ലഭിക്കുന്നതാണ്. അതിൻ പ്രകാരം ടൂറിസം വകുപ്പ് ചുമതലപ്പെടുത്തുന്ന ഒരു കമ്മിറ്റി പരിശോധന നടത്തുകയും പ്രസ്തുത വീട് ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റിന് (ക്ലാസ് എ- ഡയമണ്ട്, ക്ലാസ് ബി-ഗോൾഡ്, ക്ലാസ് സി-സിൽവർ വിഭാഗങ്ങളിൽ) യോഗ്യമെങ്കിൽ ഉൾപ്പെടുത്തണമെന്ന് നിശ്ചയിക്കുകയും ചെയ്യുന്നു.

(ബി) ഇതുവരെ 825 ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ ലൈസൻസുകൾ നൽകിയിട്ടുണ്ട്.

(സി) വീട് സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ടൂറിസം പ്രാധാന്യം, സൗകര്യം ചുറ്റുപാട്, വൃത്തി, വീട്ടുകാരുടെ പെരുമാറ്റം, മാലിന്യ സംസ്കരണ സാധ്യതകൾ, എന്നിവ പരിശോധിച്ച് ആകെ 100 മാർക്കിന്റെ ഒരു സ്കോർ ഷീറ്റ് തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ക്ലാസിഫിക്കേഷൻ നൽകുകയും ചെയ്യുന്നു. ക്ലാസിഫിക്കേഷൻ നൽകുന്നത് ചുവടെ ചേർക്കുന്നു.

സ്കോർ	വിഭാഗം
50 മുതൽ 59 വരെ	ക്ലാസ് സി
60 മുതൽ 74 വരെ	ക്ലാസ് ബി
75-ന് മുകളിൽ	ക്ലാസ് എ

(ഡി) ടൂറിസം വകുപ്പ് നിശ്ചയിച്ചിട്ടുള്ള ചട്ടങ്ങൾക്ക് അനുസൃതമായല്ല പ്രവർത്തിക്കുന്നതെങ്കിൽ ലൈസൻസ് റദ്ദുചെയ്യുന്നതാണ്. ഹോംസ്റ്റേകളുമല്ലാത്ത ബന്ധപ്പെട്ട മറ്റു നിയമാനുസൃതമല്ലാത്ത പ്രശ്നങ്ങൾ പോലീസ് വകുപ്പാണ് കൈകാര്യം ചെയ്യുന്നത്

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

106 (1862)ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ കൂടുതൽ ആകർഷകമാക്കാനും കേരളത്തിലെത്തുന്ന അന്യസംസ്ഥാനക്കാരെ ഇതിൽ പങ്കെടുപ്പിക്കാനും ഇക്കൊല്ലം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ബി) ഈ വർഷത്തെ സമ്മാന ഘടനയിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നത് ;